(ഇ)	വായ്പാ തുക	25.68 കോടി രൂപ.
	പലിശ	54.24 കോടി രൂപ.
	പിഴപലിശ	1.31 കോടി രൂപ.

ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ

44 (436) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം , തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ആഫീസിൽ ധനകാര്യവകുപ്പ് 5-10-1998, 5-4-1999, 25-9-1999, 14-2-2000 എന്നീ തിയതികളിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ഏതെങ്കിലും ക്രമക്കേട് നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടോ ;

(സി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ഇതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് കരുതുന്നില്ല.

(ഡി) പ്രസ്തുത റിപ്പോർട്ടിൻമേൽ അന്നത്തെ എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീ. ഒ. പി. ചാക്കോയെ, സ.ഉ.ജി.ഒ.(ആർ.ടി.) നം.437/2000/പി.ഡബ്ല്യൂ.ഡി തീയതി 29-4-2000 പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഡിവിഷണൽ അക്കൗണ്ടന്റായിരുന്ന ശ്രീ. പി. സുരേന്ദ്രനെയും സസ്പെൻഡ് ചെയ്യുകയുണ്ടായി. ഇദ്ദേഹത്തെ വീണ്ടും സർവ്വീസിൽ എടുത്തെങ്കിലും, വകുപ്പുതല അന്വേഷണം നടക്കുന്നുണ്ട്.

(ഇ) ബാധകമല്ല.

പുതിയ നികുതികൾ

45 (437) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ പുതിയ നികുതികളാണ് ചുമത്തിയതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരും വർഷങ്ങൾക്ക് ബാധകമായതും എന്നാൽ ഈ സർക്കാർ പിരിച്ചതുമായ നികുതികളുടെ കണക്കുകൾ വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) വരും വർഷങ്ങൾക്ക് ബാധകമായ നികുതി തുക റവന്യൂ ചെലവുകൾക്കായി ഈ സർക്കാർ ഉപയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വർഷം തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നികുതിയിനത്തിൽ പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ച സംഖ്യ

46 (438) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നികുതിയിനത്തിൽ പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ച സംഖ്യ എത്ര വീതമാണ് ;

(ബി) ഓരോ വർഷവും യഥാർത്ഥത്തിൽ പിരിച്ചെടുത്ത സംഖ്യ എത്ര വീതമാണ് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും നികുതിയിതര വരുമാനയിനത്തിൽ എന്തു തുക പിരിച്ചെടുക്കാമെന്ന് കരുതിയിരുന്നു ;

(ഡി) ഓരോ വർഷവും യഥാർത്ഥത്തിൽ പിരിച്ചെടുത്ത നികുതിയേതര വരുമാനമെത്രയാണ് ;

(ഇ) 2000-2001-ൽ എന്തു തുക വീതം നികുതിയിനത്തിലും നികുതിയേതര വരുമാനത്തിലും പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ചിരുന്നു ;

(എഫ്) 2000 ഡിസംബർ 31-വരെ ഈ ഇനങ്ങളിലോരോന്നിലും എന്തു തുക വീതം പിരിച്ചെടുക്കാൻ കഴിഞ്ഞു ;

(ജി) 2001-മാർച്ച് 31-ന് എന്തു തുക ഈ ഇനങ്ങളിലായി പിരിച്ചെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും നികുതിയിനത്തിൽ പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിക്കുന്ന സംഖ്യ ഇപ്രകാരമാണ് (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം).

വർഷം	തുക (കോടിയിൽ)
1995-1996	4,295.66
1996-1997	5,166.55

LIBRARY ARCHIVES Kerala Legislative Assembly